# ജറുസലെം ദൈവരാജ്യം

2023 ജൂലൈ 7 വാല്യം 10 ലക്കം 10






# വചനജ്വാല

പട്ടത്തച്ചൻ

കർത്താവിന്റെ വചനം തീർത്ഥാടകന്റെ വിളക്കും പ്രകാശവുമാണ്. ദൈവത്തിന്റെ വചനം ആത്മീയ ജീവിതത്തിലും ബലവും ആയുധവുമാണ്. ''ഞാൻ ഇന്ന് കല്പിക്കുന്ന വചനങ്ങൾ നിങ്ങളുടെ ഹൃദയത്തിലുണ്ടായിരിക്കണം. ജാഗരൂകതയോടെ അവ നിങ്ങളുടെ മക്കളെ പഠിപ്പിക്കണം. വീട്ടിലായിരിക്കുമ്പോഴും യാത്ര ചെയ്യുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെപ്പറ്റി സംസാരിക്കണം'' (നിയമാ 6:7). ദൈവവചനത്തെ ആദരിക്കുന്നവർക്ക് ഉൽക്കർഷം ഉണ്ടാകുമെന്ന് വചനം പഠിപ്പിക്കുന്നു. അനുദിനം വചനം വായിക്കുക, വചനം ധ്യാനിക്കുക, പരിശീലിക്കുക. അതുവഴിയായി ദൈവകൃപ നിറയാൻ, ദൈവസാന്നിധ്യം അനുഭവിക്കാൻ കഴിയും.

**''പ്രഭാതത്തിൽ ഉണർന്ന് കർത്താവിനെ അന്വേഷിക്കുന്നവർക്ക് കൃപ ലഭിക്കും''** (പ്രഭാ 32:14).

മഗ്ദലേന മറിയം അതിരാവിലെ ഈശോയെ അന്വേഷിച്ചിറങ്ങി. അതുകൊണ്ട് അവൾക്ക് അവനെ കണ്ടെത്താൻ സാധിച്ചു. ദിവസവും ഒരു പ്രത്യേകമായ സമയം, പ്രത്യേക സ്ഥലം മാറ്റിവെച്ച് ശ്രദ്ധയോടെ, പ്രാർത്ഥനയോടെ ദൈവവചനം വായിക്കുന്നവർ ഈശോയുടെ കണ്ണിലെ വിളക്കുകളായി മാറും.

നമ്മുടെ മുറിവുണക്കാൻ അവൻ മുറിവേറ്റു.
നാം ജീവിക്കാൻ അവൻ മരിച്ചു.
നാം സന്തോഷിക്കാൻ അവൻ സഹിച്ചു.
നാം വിജയിക്കാൻ അവൻ തോറ്റു.
നമ്മുടെ രക്ഷയ്ക്കുവേണ്ടി അവൻ ശിക്ഷിക്കപ്പെട്ടു.

സ്വന്തം കഴിവിലാശ്രയിക്കാതെ ദൈവകൃപയിൽ നിറഞ്ഞ് നമ്മുടെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുമ്പോൾ മാത്രമേ ആത്മീയജീവിതത്തിന് ഉന്നതി ഉണ്ടാകൂ. എത്ര കഴിവുള്ളവനാണെങ്കിലും ദൈവവചനശക്തി ഇല്ലെങ്കിൽ ദൈവം ആഗ്രഹിക്കുന്ന ഫലങ്ങൾ പുറപ്പെടുവിക്കാനാകില്ല. രക്ഷാകരമായ ഫലങ്ങൾ പുറപ്പെടുവിക്കണമെങ്കിൽ നാം ഒരു വചനജ്വാലയായി മാറണം. വിശുദ്ധരെല്ലാം വൻകാര്യങ്ങൾ നിർവ്വഹിച്ചത് വചനശക്തിയാലാണ്. ആത്മാക്കളെ നേടുവാനുള്ള വൻകൃപകൾ ലഭിച്ചതും അനുദിനമുള്ള ദൈവവചനവായനയിലൂടെയാണെന്നത് വിസ്മരിക്കരുത്.

ആദിമ ക്രൈസ്തവസമൂഹം യേശുവിന്റെ പ്രകാശമായി തീർന്നത് വചനത്തിന്റെ ശക്തിയാലാണ്. വേദനിപ്പിച്ചവരെ സ്നേഹിച്ച് ശുശ്രൂഷിക്കാൻ, പരാതിയും പരിഭവവുമില്ലാതെ വർത്തിക്കുവാൻ വചനമാണവരെ സഹായിച്ചത്.

''ആകാശവും ഭൂമിയും കടന്നുപോകും. എന്നാൽ എന്റെ വാക്കുകൾ കടന്നുപോകുകയില്ല'' (ലൂക്ക 23:33). ജറുസലെം വചനകൂടാരം ആരംഭിക്കുന്ന സമ്പൂർണ്ണ ദൈവവചനവായനയിൽ, പങ്കുചേർന്ന് ദൈവസ്നേഹ പൂർണ്ണതയിലേക്ക് നമുക്ക് വളരാം. (അതിനായി ജറുസലെം വചനകൂടാരത്തിൽനിന്ന് ലഭിക്കുന്ന വചനവായനാകാർഡ് സ്വീകരിച്ച് അതിൽ നിർദ്ദേശിച്ച പ്രകാരം പ്രാർത്ഥനയോടെ **ആദ്യം സമ്പൂർണ്ണമായി ബൈബിൾ വായിച്ച് തീർക്കുന്ന 101 പേർക്ക് പ്രത്യേക സമ്മാനവും ആദരവും ഉണ്ടായിരിക്കുന്നതാണ്. ആദ്യം പങ്കുചേരുന്ന 1000 പേർക്കാണ് അവസരമുണ്ടാകുക. അതിനായി യു ട്യൂബ് ലിങ്കിൽ കയറി നിങ്ങളുടെ പേരുകൾ രജിസ്റ്റർ ചെയ്യേണ്ടത്.** വചനവായന കാർഡ് വചനവായന അവസാനിച്ചുകഴിയുമ്പോൾ ജറുസലെം വചനകൂടാരത്തിൽ തിരികെ ഏൽപ്പിക്കേണ്ടതാണ്. ബൈബിളിലെ 1334 അധ്യായങ്ങളിൽ നിന്ന് മനസ്സിനെ സ്പർശിച്ച, നിങ്ങളുടെ ജീവിതത്തെ ഉജ്ജ്വലിപ്പിച്ച 101 വചനങ്ങൾ ഒരു ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്).

നമ്മുടെ പ്രവർത്തന മേഖലകളിൽ അൽഭുതങ്ങൾ സൃഷ്ടിക്കാൻ, നിങ്ങളുടെ പ്രതിസന്ധികളിൽ പതറിപോകാതിരിക്കാൻ, നമ്മിലും ചുറ്റുപാടുകളിലുമുള്ള തിന്മയുടെ മുന്നേറ്റത്തെ പ്രതിരോധിക്കാൻ, കുടുംബങ്ങൾ അനുഗ്രഹിക്കപ്പെടാൻ, ജീവിതത്തിൽ വിശുദ്ധി നിറയാൻ, ഓരോരുത്തരുടെയും ദൈവവിളിയുടെ പൂർണ്ണതയിലേയ്ക്ക് മുന്നേറാൻ വചനജ്വാല നിങ്ങൾക്ക് ഒരു അനുഗ്രഹമാകട്ടെ.

## ഈശോ എന്ന ആദ്യാക്ഷരം കുറിക്കൽ ശുശ്രൂഷ



## അനുഗ്രഹദായകമായ ദിവ്യകാരുണ്യാരാധന



2023 ജൂലായ് 16 ന് രണ്ടു വർഷം പൂർത്തിയാക്കുന്ന സൗഖ്യദായകമായ ദിവ്യകാരുണ്യാരാധന,കുടംബങ്ങളിൽ സമാധാനവും, അത്ഭുത രോഗശാന്തികളും, അനേകം പേർക്ക് തൊഴിൽ സാധ്യതകളും നൽകി ദിവ്യകാരുണ്യ നാഥൻ അനുഗ്രഹിച്ചു കൊണ്ടിരിക്കുന്നു. ഒരു ദിവസം പോലും മുടക്കമില്ലാതെ ബഹു . ദേവസ്യ കാനാട്ടച്ചൻ നയിക്കുന്ന വചന ആരാധനാ ശുശ്രൂഷയാണിത്. അനേകായിരങ്ങൾ ഓൺലൈനായും, ജറുസലെമിൽ വന്നും ആരാധനയിൽ സംബന്ധിക്കുകയും അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്യുന്നു. കേരള സഭയുടെ ആത്മീയ മുന്നേറ്റത്തിന് വഴിയൊരുക്കുന്ന അനുഗ്രഹദായകമായ ഈ ശുശ്രൂഷ അനേകർക്ക് ആത്മീയോണർവ്വ് പ്രദാനം ചെയ്യട്ടെ എന്നാശംസിക്കുന്നു.

https://www.youtube.com/jerusalemretreatcentrelive/live



ഫാ. ദേവസ്യ കാനാട്ട് CMI

## ബൈബിൾ ഗ്രാമം പ്രവേശനോത്സവം





## “സ്വന്തസ്വത്തിനും പ്രാപ്തിക്കും അധികമായി ആഘോഷങ്ങൾ നടത്തേണ്ട.”



# യേശുക്രിസ്തു ഇന്നും ജീവിക്കുന്നു.

**യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരേ ആൾതന്നെയാണ്.** (ഹെബ്രായർ 13: 8)


## ഞാൻ നിന്നെ സുഖപ്പെടുത്തുന്ന കർത്താവാണ്



**ആൻസി കുഞ്ഞുമോൻ കെ.,** കുളത്തിങ്കൽ ഹൗസ്, ഇലഞ്ഞിക്കുളം, ഫാം റോഡ് വഴി, പി. ഒ. കൊഴുക്കുള്ളി

‘‘മകനെ, രോഗം വരുമ്പോൾ ഉദാസീനനാകാതെ കർത്താവിൽ ആശ്രയിക്കുക. അവിടുന്ന് നിന്നെ സുഖപ്പെടുത്തും’’. കഴിഞ്ഞ നവംബറിൽ എനിക്കുണ്ടായ ഫിറ്റ്സിനെ തുടർന്ന് ഒരു ഇ. ഇ. ജി. എടുക്കുകയും അതിലെ അബ്നോർമൽ വേരിയേഷൻ റിപ്പോർട്ട് കാരണം കോൺട്രാസ്റ്റ് എം. ആർ. ഐ. എടുക്കാനും ഡോക്ടർ പറഞ്ഞു. അതേ തുടർന്ന് റിപ്പോർട്ടിൽ ബ്രെയിൻ ട്യൂമർ ആണെന്നറിഞ്ഞു. അത് എത്രയും പെട്ടെന്ന് സർജറി ചെയ്യുവാൻ പറഞ്ഞു. സർജറി നല്ല റിസ്ക്ക് ആയിരുന്നു. എന്റെ അമ്മാമ്മ ഡോക്ടറോട് പറഞ്ഞു ഒരു ധ്യാനം കൂടണമെന്ന്. അങ്ങനെ ഡിസംബർ 7-ന് ഓപ്പറേഷൻ തിയ്യതി ഫിക്സ് ചെയ്തു. ഞങ്ങൾ ജറുസലെമിലെ 4 ദിവസത്തെ കൺവെൻഷനിൽ പങ്കെടുത്തു. തീരെ ഇരിക്കാൻ പറ്റില്ലായിരുന്നുവെങ്കിലും എനിക്കു പറ്റുന്നപോലെ ഞാൻ 4 ദിവസം ധ്യാനത്തിനിരുന്നു. അവസാനദിവസം സന്ദേശമായി പട്ടത്തച്ചൻ എന്റെ രോഗസൗഖ്യം വിളിച്ചുപറഞ്ഞു. ഞാൻ ജറുസലെംനാഥനോടും പരിശുദ്ധ മറിയത്തോടും കൂടെ സർജറിയ്ക്കുവേണ്ടി ആശുപത്രിയിലേയ്ക്ക് പോയി. സർജറി കോംപ്ലിക്കേഷൻ ഒന്നും ഇല്ലാതെ നടന്നു. അതിന്റെ റിസൽട്ടിൽ കാൻസർ തേർഡ് സ്റ്റേജ് ആയിരുന്നു. ഉണ്ടായിരുന്ന ട്യൂമർ രണ്ട് ആർട്ടറിയിൽ കണക്ടഡ് ആയതിനാൽ ആ രണ്ട് പോയിന്റിലെ ട്യൂമർ എടുക്കാൻ സാധിച്ചിരുന്നില്ല. നല്ല ഗ്രോത്ത് ഉള്ള ട്യൂമർ ആയതിനാലും തേർഡ് സ്റ്റേജ് ആയതിനാലും റേഡിയേഷനും കീമോതെറാപ്പിയും വേണ്ടിവന്നു. അങ്ങനെ 30 റേഡിയേഷനും 47 കീമോതെറാപ്പിയും ചെയ്തു. ഫെബ്രുവരി 20-ന് എന്റെ റേഡിയേഷൻ കഴിഞ്ഞു. 2 മാസം കഴിഞ്ഞ് ഈ കഴിഞ്ഞ ഏപ്രിൽ മാസത്തിൽ എടുത്ത റിപ്പീറ്റ് എം. ആർ. ഐ. യിൽ എന്റെ തലയിൽ ഉണ്ടായിരുന്ന ആ ട്യൂമർ ഇല്ല എന്ന് ഡോക്ടർ പറഞ്ഞു. ഇത്രയും വലിയ സൗഖ്യം തന്ന് എന്നെ അനുഗ്രഹിച്ച ജറുസലെം നാഥനോടും ജറുസലെം നാഥയോടും കോടാനുകോടി നന്ദി പറയുന്നു. എനിക്കുവേണ്ടി പ്രാർത്ഥിച്ച പട്ടത്തച്ചനോടും കാനാട്ടച്ചനോടും സിജോ അച്ചനോടും ഒരുപാടു നന്ദി പറയുന്നു. അതുപോലെ ഇവിടുത്തെ പ്രേഷിതയായ എന്റെ അമ്മയ്ക്കും (ഫിലോമിന ജോസ്) ഇവിടുത്തെ എല്ലാ പ്രേഷിതരോടും ഉപവാസവും പ്രാർത്ഥനയും വഴി എനിക്കുവേണ്ടി പ്രാർത്ഥിച്ച എല്ലാ പ്രേഷിതരോടും സിസ്റ്റർ റീജയോടും ഒരുപാട് നന്ദി. അതിലെല്ലാമുപരി ഇത്രയും വലിയ സൗഖ്യം തന്നനുഗ്രഹിച്ച ജറുസലെം നാഥനും നാഥയ്ക്കും ആയിരമായിരം നന്ദിയേകുന്നു.

### പ്രാർത്ഥനാനിയോഗങ്ങൾ
**Whatsapp ചെയ്യേണ്ട നമ്പർ**
**9656 133 533**
ദിവ്യകാരുണ്യ സൗഖ്യാരാധനയിൽ
പേരുകൾ സമർപ്പിച്ച് പ്രാർത്ഥിക്കുന്നതായിരിക്കും



# അത്ഭുതങ്ങളുടെ ലോകം ഇനിയും അവസാനിച്ചിട്ടില്ല

**നിനക്ക് ഒരു തിൻമയും ഭവിക്കുകയില്ല; ഒരനർഥവും നിൻെറ കൂടാരത്തെ സമീപിക്കുകയില്ല. (സങ്കീ 9:10)**

## യേശുവേ നന്ദി, സ്തുതി

**ജാൻസി കുരിയൻ,** പാണേങ്ങാടൻ ഹൗസ്, പി. ഒ. പറപ്പൂർ



എന്റെ മകൾക്ക് നോർമൽ പ്രസവം പറഞ്ഞിട്ട് പെട്ടെന്ന് സിസേറിയൻ ചെയ്യേണ്ടിവരുകയും അമ്മയുടെയും കുഞ്ഞിന്റെയും സ്ഥിതി ഗുരുതരമാവുകയും ചെയ്ത സാഹചര്യത്തിൽ ജറുസലെംനാഥനെ വിളിച്ച് അപേക്ഷിച്ചതുമൂലം എന്റെ മകൾക്കും കുഞ്ഞിനും ഒരാപത്തും കൂടാതെ ഈശോനാഥൻ കാത്തുരക്ഷിച്ചു. ആ സമയത്ത് ഞാൻ പ്രാർത്ഥിച്ചിരുന്നു അമ്മയ്ക്കും കുഞ്ഞിനും കുഴപ്പം വരാതെ തന്നാൽ ജറുസലെംനാഥന്റെ അൾത്താരയിൽ വന്ന് സാക്ഷ്യം പറയാമെന്ന്. പല സാഹചര്യങ്ങളിലും തടസ്സങ്ങളായിരുന്നെങ്കിലും സാക്ഷ്യം പറയാൻ സമയമൊരുക്കിത്തന്ന ദൈവകൃപയ്ക്ക് നന്ദിയേകുന്നു.

## ദൈവം നമ്മോട് കൂടെ



**ജെസ്മി സ്റ്റീഫൻ,** മേലിട്ട് പാലത്തിങ്കൽ ഹൗസ്, മുണ്ടത്തിക്കോട്

ഉദരഫലം അനുഗ്രഹീതമായ ദാനമാണ്. വിവാഹം കഴിഞ്ഞ് നാലുവർഷങ്ങൾക്കു ശേഷമാണ് ഞങ്ങൾക്ക് കുഞ്ഞുണ്ടായത്. വളരെയധികം ചികിത്സകൾ നടത്തിയെങ്കിലും എല്ലാം വിഫലമാകുകയായിരുന്നു. ജറുസലെം വചന കൂടാരത്തിലെ പ്രാർത്ഥനാശുശ്രൂഷകളിൽ പങ്കെടുത്ത് തീക്ഷ്ണമായി പ്രാർത്ഥിക്കുകയും അൾത്താരയിലെ സാക്ഷിയായി മാറാനുള്ള കൃപ നൽകി അനുഗ്രഹിക്കണമെന്ന് പ്രാർത്ഥിച്ചപേക്ഷിച്ചപ്പോൾ ജറുസലെം നാഥൻ നൽകിയ അമൂല്യ സമ്മാനമാണ് ഞങ്ങളുടെ കുഞ്ഞ്. ഡോക്ടർമാർ സിസേറിയൻ പറഞ്ഞിരുന്നെങ്കിലും സുഖപ്രസവത്തിലൂടെ കുഞ്ഞിനെ നൽകിയനുഗ്രഹിച്ചു. ദൈവമേ നന്ദി. 136-ാം സങ്കീർത്തനം 25-ാം തിരുവചനം നമ്മെ ഇങ്ങനെ ശക്തിപ്പെടുത്തുന്നു: ‘‘സ്വർഗസ്ഥനായ ദൈവത്തിനു നന്ദി പറയുവിൻ. അവിടുത്തെ കാരുണ്യം അനന്തമാണ്.’’

## നിലവിളിയോടെ പ്രാർത്ഥിച്ചപ്പോൾ

**ജൊഹാൻ,** S/o ജോബി & അനില, ചാതേലി ഹൗസ്, കൊടകര

ഏശയ്യ 58:9 ഇപ്രകാരം നമ്മെ ഓർമ്മിപ്പിക്കുന്നു: ‘‘നീ പ്രാർത്ഥിച്ചാൽ കർത്താവ് ഉത്തരമരുളും. നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ, എന്ന് അവിടുന്ന് ഉത്തരമരുളും’’. ഞങ്ങൾ പ്രാർത്ഥിച്ചപ്പോൾ ഇതാ ഞാൻ നിങ്ങളോട് കൂടെയുണ്ടെന്ന് അവിടുന്ന് ഉത്തരമരുളി. എന്റെ സഹോദരന്റെ മകനായ ജോഹാന്റെ ശരീരത്തിൽ കരിനീലപ്പാടുകൾ കണ്ട് ഡോക്ടറെ കണ്ടപ്പോൾ ബ്ലഡിൽ പ്ലേറ്റ്ലെറ്റിന്റെ കൗണ്ട് അപകടകരമായ വിധത്തിൽ താഴ്ന്നുപോയിരുന്നു. അമൃത ഹോസ്പിറ്റലിൽ അഡ്മിറ്റായിരുന്നു. മരുന്ന് കൊണ്ട് മാത്രം മാറുമോ എന്ന് ഡോക്ടേഴ്സ് സംശയം പറഞ്ഞിരുന്നു. വേറെ ഒരുപാട് വലിയ ട്രീറ്റ്മെന്റ് ഒക്കെയാണ് പറഞ്ഞിരുന്നത്. ഞങ്ങൾ ഇവിടെ വർഷങ്ങളായി വ്യാഴാഴ്ചകളിലെ ശുശ്രൂഷകളിൽ പങ്കെടുക്കാറുണ്ടായിരുന്നു. ജറുസലെമിൽ മാതാവിന്റെ ശക്തിയിൽ ഞങ്ങളുടെ കുടുംബം മുഴുവൻ അടിയുറച്ചു വിശ്വസിച്ചിരുന്നു. പട്ടത്തച്ചനോട് അപകടസന്ധിയിൽ പ്രാർത്ഥനാസഹായം ആവശ്യപ്പെട്ടു. അച്ചൻ വചനവും അവന്റെ കഴുത്തിലണിയാൻ ഒരു കൊന്തയും തന്നു. എന്നും അവൻ ആ കൊന്ത ഉപയോഗിച്ച് ജപമാല ചൊല്ലുമായിരുന്നു. അതിന്റെ ഫലമായി പ്ലേറ്റ്ലെറ്റ് ലെവൽ അത്ഭുതകരമായ വിധത്തിൽ വർദ്ധിച്ചു. ജറുസലെംനാഥയ്ക്ക് ഒരുപാട് നന്ദി. ദൈവം ഒത്തിരി കനിഞ്ഞനുഗ്രഹിച്ച കുടുംബമാണ് ഞങ്ങളുടേത്. ജറുസലെംനാഥന് ആയിരമായിരം നന്ദിയും സ്തുതിയും അർപ്പിക്കുന്നു. എന്റെ അമ്മേ, എന്റെ ആശ്രയമേ



## ദൈവത്തിന് അസാധ്യമായി യാതൊന്നുമില്ല



**ലിസ്സി ഫിലിപ്പോസ്,** പൊട്ടൻകുളങ്ങര ഹൗസ്, കൊമ്പഴ, വാണിയംപാറ

ഈശോനാഥൻ എന്റെ മകൾക്ക് നൽകിയ വലിയ അനുഗ്രഹമാണ് ഞാൻ സാക്ഷ്യപ്പെടുത്തുന്നത്. പെസഹാ ബുധനാഴ്ച ഞാൻ തുണികൾ തേച്ചതിനുശേഷം തേപ്പുപെട്ടി മേശയിൽ വെച്ചിരുന്നു. മകൾ പഠിക്കാനായിട്ട് കസേരയിൽ മേശക്കരികിൽ ഇരുന്നിരുന്നു. അവൾ കുനിഞ്ഞ് നിവർന്നപ്പോൾ തേപ്പുപെട്ടി കണ്ടില്ല. കണ്ണിന്റെ ഉള്ളിൽ ഈ തേപ്പുപെട്ടി കൊണ്ടു. കൺപോള പോളച്ചു. ഉടനെ ഐ വിഷൻ ഹോസ്പിറ്റലിൽ കൊണ്ടുപോയി. പോകുന്നതിനു മുൻപ് നിലവിളക്കിൽ നിന്ന് കൊണ്ടുപോയ വെളിച്ചെണ്ണ കണ്ണിൽ പുരട്ടിയിരുന്നു. കാഴ്ചയ്ക്ക് ഒന്നും സംഭവിക്കല്ലെ മാതാവേ എന്ന് പ്രാർത്ഥിച്ചു. ഭാഗ്യത്തിന് കൃഷ്ണമണിയിൽ കൊണ്ടിട്ടില്ല, കാഴ്ചയ്ക്ക് ഒരു കുഴപ്പവും ഇല്ല എന്ന് ഡോക്ടർ പറഞ്ഞു. ഇത്രയും വലിയ അനുഗ്രഹം തന്ന ജറുസലെംനാഥനും അമ്മയ്ക്കും ഒരായിരം നന്ദി.

## ദൈവപരിപാലനയിൽ ആശ്രയിച്ചപ്പോൾ



**പൗളി,** W/o കെ. എ. പോൾസൺ, കുരുതുകുളങ്ങര ഹൗസ്, പി. ഒ. കൂർക്കഞ്ചേരി

വിലാപങ്ങൾ 3:56 ഇപ്രകാരം നമ്മെ ഓർമ്മിപ്പിക്കുന്നു: ‘‘സഹായത്തിനായുള്ള എന്റെ നിലവിളിക്കെതിരെ അവിടുത്തെ ചെവി അടയ്ക്കരുതേ എന്ന എന്റെ പ്രാർത്ഥന അവിടുന്ന് കേട്ടു’’. ഞങ്ങളുടെ കുടുംബത്തിന്റെ യാചന കേട്ട് കാത്തുപരിപാലിച്ച ദൈവമേ നന്ദി. എന്റെ രണ്ടാമത്തെ മരുമകൾക്ക് രണ്ടാമത്തെ പ്രെഗ്നൻസിയിൽ രണ്ടു മാസമായപ്പോൾ വയറിനുള്ളിൽ ഭയങ്കര വേദനയായിരുന്നു. മൂന്നുനാലു മണിക്കൂർ വേദനയായിരുന്നു. അമല ഹോസ്പിറ്റലിൽ കാണിച്ചപ്പോൾ ഓപ്പറേഷൻ വേണമെന്നു പറഞ്ഞു. ഓവറിയിൽ ഒരു സിസ്റ്റ് ഉണ്ടായിരുന്നു. ഓപ്പറേഷൻ ചെയ്താൽ കുഞ്ഞ് രക്ഷപ്പെടുവാൻ സാധ്യത കുറവായിരുന്നു. ഞങ്ങൾ ജറുസലെമിൽ വന്ന് ഈശോയോട് സൗഖ്യത്തിനായി പ്രാർത്ഥിച്ചു. പട്ടത്തച്ചനെ കണ്ട് പ്രാർത്ഥിച്ചപ്പോൾ അച്ചൻ ആശീർവ്വദിച്ച മധുരവും വചനവും നൽകി. അതു കഴിച്ചാണ് മകൾ സ്കാനിങ്ങിന് പോയത്. സിസ്റ്റ് കുറച്ച് കുറഞ്ഞതായി കാണപ്പെട്ടു. തുടർന്നുള്ള സ്കാനിങ്ങിൽ അത് മുഴുവനായി മാറി. ഞങ്ങൾക്ക് ഒരു ആൺകുഞ്ഞിനെ തന്ന് ദൈവം അനുഗ്രഹിച്ചു. ഇപ്പോൾ അവന് 4 വയസ്സാകാറായി. അവന്റെ താഴെ ഒരു കുട്ടിയെയും കൂടി തന്ന് ദൈവം സമൃദ്ധമായി അനുഗ്രഹിച്ചു. നല്ല ദൈവമേ നന്ദി. വൈകിയതിന് ഈശോയോട് മാപ്പപേക്ഷിക്കുന്നു.

## യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരേ ആൾ



**ഷില്ലോ ഫ്രാൻസിസ്,** എലുവത്തിങ്കൽ ഹൗസ്, പള്ളിക്കു പുറകുവശം, തിരൂർ

ഞാൻ ഒരു ക്യാൻസർ രോഗിയാണ്. 2022 നവംബർ പത്താം തീയതി എന്റെ ഓപ്പറേഷൻ കഴിഞ്ഞു. ഓപ്പറേഷന്റെ തലേദിവസത്തെ സി. ടി. സ്കാൻ റിപ്പോർട്ടിൽ കുടൽ കട്ട് ചെയ്യേണ്ടിവരുമെന്ന് പറഞ്ഞിരുന്നു. മൂന്ന് മണിക്കൂർ ആണ് ഓപ്പറേഷൻ സമയം പറഞ്ഞത്. പട്ടത്തച്ചന്റെ അടുത്തുവന്ന് വെള്ളിയാഴ്ച പ്രാർത്ഥിച്ചിരുന്നു. ചൊവ്വാഴ്ച ഞാൻ ആശുപത്രിയിൽ അഡ്മിറ്റ് ആയി. വ്യാഴാഴ്ച കാലത്ത് ഓപ്പറേഷൻ നടന്നു. കുടലിൽ യാതൊരു പ്രശ്നവും ഉണ്ടായിരുന്നില്ല. മൂന്ന് മണിക്കൂർ കൊണ്ട് കഴിയേണ്ട ഓപ്പറേഷൻ ഒരു മണിക്കൂർ കൊണ്ട് കഴിഞ്ഞു. യാതൊരു പ്രശ്നവും ഇല്ലാതെ ആസ്പത്രി വിട്ടു. 25.04.2023ന് ചൊവ്വാഴ്ച വീണ്ടും ബ്ലഡ് ടെസ്റ്റും മറ്റും നടത്തി. അതെല്ലാം നോർമൽ ആണെന്ന് റിപ്പോർട്ട് വന്നു. ഇപ്പോൾ പരിപൂർണ്ണ സൗഖ്യം കിട്ടിയിരിക്കുന്നു. യേശുവേ നന്ദി.

## യാചന കേട്ട ദൈവം



**ആശ,** കുറ്റിക്കാട്ട് ഹൗസ്, വള്ളിശ്ശേരി, പി. ഒ. അവിണിശ്ശേരി

സഹായത്തിനായി ഞാൻ നിലവിളിച്ചപ്പോൾ ചെവിയടയ്ക്കാതെ എന്റെ യാചന കേട്ടനുഗ്രഹിച്ച നല്ല ദൈവമേ നന്ദിയേകുന്നു. എന്റെ ഭർത്താവ് റോഡ് ക്രോസ് ചെയ്യുന്ന സമയത്ത് ട്രാൻസ്പോർട്ട് ബസ് വന്നിടിച്ചു. തലക്ക് പരിക്ക് പറ്റിയതുമൂലം അപ്പോൾതന്നെ ശ്വാസം നിലച്ചു. ട്രാൻസ്പോർട്ട് ബസ്സിൽ ഒരു ലേഡി ഡോക്ടർ ഉണ്ടായിരുന്നു. അവർ വന്ന് സി. പി. ആർ. കൊടുത്തതു മൂലം ജീവൻ തിരിച്ചുകിട്ടി. എലൈറ്റ് ആശുപത്രി എത്തുന്നതുവരെ സി. പി. ആർ. നൽകി. 18 ദിവസം വെന്റിലേറ്ററിൽ കിടന്നു. തലയ്ക്ക് പരിക്ക് പറ്റിയതു മൂലം ഓർമ്മകൾക്ക്



**"ഉടൻ ആളിക്കെട്ടുപോകുന്ന വൈക്കോൽ തുറുവിനേക്കാൾ നല്ലത് നിലനില്ക്കുന്നതായ വെട്ടം കാണിക്കുന്ന ചെറിയ വിളക്കാകുന്നു."**



വ്യത്യാസം വന്നു. 20 ദിവസം ഐ.സി.യു.വിൽ കിടന്നു. ജറുസലെം മാതാവിനോട് കരഞ്ഞു പ്രാർത്ഥിച്ച് രോഗസൗഖ്യത്തിനായി അപേക്ഷിച്ചു. പട്ടത്തച്ചന്റെ പ്രാർത്ഥനയും അനുഗ്രഹമായിതീർന്നു. ഇപ്പോൾ ഓർമ്മശക്തി പൂർവ്വസ്ഥിതിയിലായി. ഗുളികകൾ നിറുത്തി. വീട്ടിൽ വർക്ക്ഷോപ്പ് നടത്തുകയാണ്. ഇത്രയും വലിയ അപകടത്തിൽനിന്നും കാലിടറാതെ കാത്തുരക്ഷിച്ച ഈശോയെ ആയിരമായിരം നന്ദി.

## സൗഖ്യദായകനായ ഈശോ



**ബേബി ജോണി**, പുലിക്കോട്ടിൽ ഹൗസ്, കുന്നംമൂച്ചി, ഗുരുവായൂർ

"കർത്താവേ, എന്നെ സുഖപ്പെടുത്തണമേ. അപ്പോൾ ഞാൻ സൗഖ്യമുള്ളവനാകും" (ജെറമിയ 17:14) തിരുവചനം ഞങ്ങളുടെ മകനിൽ അന്വർത്ഥമായിതീർന്നു. എന്റെ മകന് 2022 ഡിസംബർ 25-ാം തിയ്യതി അമല ആശുപത്രിക്കടുത്ത് മുണ്ടൂർ എന്ന സ്ഥലത്തുവെച്ച് രണ്ട് ബൈക്കുകൾ തമ്മിൽ കൂട്ടിയിടിക്കുകയും അവന്റെ തലയ്ക്ക് നല്ല പരിക്കു പറ്റുകയും അപകടസ്ഥലത്തുവെച്ചുതന്നെ ബോധം നഷ്ടമാകുകയും ചെയ്തു. അവിടെനിന്ന് അമല ആശുപത്രിയിലെത്തിക്കുകയും വെന്റിലേറ്ററിൽ ന്യൂറോ ഐ. സി. യു. വിൽ അഡ്മിറ്റ് ചെയ്യുകയും ചെയ്തു. 48 മണിക്കൂർ കഴിയാതെ ഒന്നും പറയാൻ പറ്റില്ലെന്ന് ഡോക്ടർ പറഞ്ഞു. രണ്ട് ദിവസം കഴിഞ്ഞിട്ടും യാതൊരു മാറ്റവും അവന് ഉണ്ടായില്ല. അതുകൊണ്ട് ഞാൻ ഹാർട്ട് ഹോസ്പിറ്റലിലേയ്ക്ക് വെന്റിലേറ്റർ ആംബുലൻസിൽ മാറ്റി. അവിടത്തെ ഡോക്ടർ പറഞ്ഞു. മരുന്നുകൾ നമുക്ക് തുടരാം. വെന്റിലേറ്റർ തുടരണം. എത്രത്തോളം ഫലിക്കുമെന്ന് അറിയില്ല എന്ന്. പ്രാർത്ഥിച്ചുകൊള്ളാനും പറഞ്ഞു. അവിടെനിന്ന് അഞ്ചാം ദിവസം ഞാൻ പട്ടത്തച്ചനെ വിളിച്ച് പ്രാർത്ഥനാസഹായം ചോദിച്ചു. അച്ചൻ ജ്ഞാനം 16:12 വചനം ചൊല്ലിക്കൊണ്ടിരിക്കാൻ പറഞ്ഞു. നാളെ അത്ഭുതം സംഭവിക്കും എന്ന് പറഞ്ഞു. ഏഴ് ദിവസം കഴിഞ്ഞ് വെന്റിലേറ്റർ മാറ്റുകയും അവന് യാതൊരു കുഴപ്പവുമില്ലാതെ തിരിച്ചുകിട്ടുകയും ചെയ്തു. യേശുവേ നന്ദി. ആരാധന.

## തിരുരക്തത്താൽ കഴുകിയപ്പോൾ

**പ്രിയ ജോൺസൺ**, തൈക്കാടൻ ഹൗസ്, വില്ലടം



ഈശോയുടെ വിലയേറിയ തിരുരക്തത്താൽ കഴുകി വിശുദ്ധീകരിച്ചപ്പോൾ മകന് അത്ഭുതകരമായ വിടുതലും സൗഖ്യവും നൽകിയനുഗ്രഹിച്ചു. ജൂൺ 28ന് അവൻ ജോലി കഴിഞ്ഞ് വരുമ്പോൾ അവന്റെ ബൈക്കിൽ ബസ് റോങ്ങ് സൈഡ് വന്ന് തട്ടി. ഹെൽമെറ്റ് വെച്ചിരുന്നു എങ്കിലും ആ ഇടിയുടെ ആഘാതത്തിൽ അവന്റെ മുഖത്തിന്റെ ഇടതുഭാഗത്ത് വളരെ ആഴത്തിൽ മുറിവുണ്ടായി. താടിയെല്ലു തകർന്നു. കണ്ണിന് കാഴ്ച കിട്ടില്ല എന്നാണ് ഡോക്ടേഴ്സ് പറഞ്ഞത്. ഈശോയെ, അവിടുത്തെ അമൂല്യമായ തിരുരക്തത്താൽ അവന്റെ തല മുതൽ കാല്പാദം വരെ കഴുകി അവനെ വിശുദ്ധീകരിച്ച് പൂർണ്ണസൗഖ്യം നല്കണമേ, അവന് ഒരു പോറൽ പോലും ഏല്ക്കാതെ തിരിച്ചുതരണമേ എന്ന് പറഞ്ഞു പ്രാർത്ഥിച്ചു. പ്രാർത്ഥനാസഹായത്തിനായി ഞാൻ ജറുസലെം ധ്യാനകേന്ദ്രത്തിലേയ്ക്കും വിളിച്ചു. അപ്പോൾ ഞാൻ പ്രാർത്ഥനയ്ക്കായി വിളിച്ച ആ സഹോദരി പറഞ്ഞു മകന് പൂർണ്ണസൗഖ്യം ലഭിച്ചാൽ ഇവിടെ വന്ന് സാക്ഷ്യം പറയണമെന്ന്. പരിശുദ്ധ അമ്മ വഴി ഈശോ തന്ന ഈ വലിയ അനുഗ്രഹത്തിന് കോടാനുകോടി നന്ദി പറയുന്നു

## നന്ദി പറഞ്ഞ് പ്രാർത്ഥിച്ചപ്പോൾ

**റോബി കെ. ആർ. (ജോസഫിൻസ് കെ. ആർ.)**, കണ്ണമ്പുഴ ഹൗസ്, പൊന്നൂക്കര, തൃശ്ശൂർ.



കർത്താവിന് നന്ദി പറഞ്ഞ് ആരാധിച്ചപ്പോൾ അവിടുന്ന് അലർജി രോഗത്തിൽനിന്ന് പൂർണ്ണവിടുതൽ നൽകി മകനെ അനുഗ്രഹിച്ചു. എന്റെ മകന് അഞ്ചാം വയസ്സ് മുതൽ വിട്ടുമാറാത്ത തുമ്മൽ ആയിരുന്നു. പല ഡോക്ടേഴ്സിനെയും കാണിച്ചെങ്കിലും രോഗസൗഖ്യം ലഭിച്ചില്ല. ഹോമിയോ മരുന്നും സൗഖ്യം നൽകിയില്ല. വളരെയധികം വേദനിച്ച ആ ദിനങ്ങളിലാണ് കഴിഞ്ഞ വർഷത്തെ കൺവെൻഷൻ വന്നത്. ബൈബിൾ കൺവെൻഷന്റെ രണ്ടാം ദിവസം ഞാൻ വിദേശത്ത് മൊബൈൽ ഫോൺ വഴി ആരാധനയിൽ പങ്കെടുത്തു. ഈശോയെ എന്റെ മകന്റെ അലർജിയിൽനിന്നും പൂർണ്ണമായ സൗഖ്യം നല്കിയതിനെ ഓർത്ത് നന്ദി പറഞ്ഞു പ്രാർത്ഥിച്ചതിന്റെ ഫലമായി വിട്ടുമാറാത്ത തുമ്മൽ അലർജിയിൽനിന്നും പൂർണ്ണ സൗഖ്യം നല്കി ഈശോ നാഥൻ അനുഗ്രഹിച്ചു. യേശുവേ നന്ദി. യേശുവേ സ്തുതി. വചനം പറയുന്നു: "എല്ലാക്കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ" (1 തെസലോനിക്കാ 5:18).

## ദിവ്യലേപനമായ എണ്ണ

**ആലീസ് ആന്റണി**, കോലഞ്ചേരി, അന്നമനട, കുമ്പിടി



"നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. ദൈവത്തിൽ വിശ്വസിക്കുവിൻ, എന്നിലും വിശ്വസിക്കുവിൻ" (യോഹന്നാൻ 14:1). വിശ്വാസത്തോടെ ദിവ്യലേപനം കാലിൽ പുരട്ടിയപ്പോൾ അത്ഭുതകരമായ സൗഖ്യം ലഭിച്ചു. എന്റെ കാലിന്റെ അടിയിൽ എല്ല് വളരുന്ന അസുഖമായിരുന്നു. ജറുസലെം വചനകൂടാരത്തിൽവന്ന് നിയോഗത്തോടെ വി. കുർബ്ബാനയിൽ സമർപ്പിച്ച് പ്രാർത്ഥിച്ചു. അച്ചന്റെ നിർദ്ദേശപ്രകാരം ദിവ്യലേപനമായ എണ്ണ കാലിൽ പുരട്ടി. കാലിൽ ഒരു വേദനയും അനുഭവപ്പെടുന്നുണ്ടായിരുന്നില്ല. സൗഖ്യം നൽകി അനുഗ്രഹിച്ച പരിശുദ്ധ അമ്മയ്ക്ക് നന്ദിയേകുന്നു. വിശ്വാസത്തോടെയുള്ള പ്രാർത്ഥനയാണ് എനിക്ക് സൗഖ്യം നൽകിയത് എന്ന് ഞാൻ ഈ അൾത്താരയിൽ ഏറ്റുപറയുന്നു. ഈശോയ്ക്കും മാതാവിനും ഒരായിരം നന്ദിയേകുന്നു.



## ജറുസലെമിൽ ഞാൻ സാന്ത്വനം അനുഭവിച്ചു

**മരിയ സാവു**, മേപ്പാടത്ത് ഹൗസ്, പി. ഒ. കുട്ടനെല്ലൂർ

ഏശയ്യാ 66:13 വചനം ഇപ്രകാരമാണ്: "അമ്മയെപ്പോലെ ഞാൻ നിന്നെ ആശ്വസിപ്പിക്കും. ജറുസലെമിൽവച്ച് നീ സാന്ത്വനം അനുഭവിക്കും". ഞാൻ ജറുസലെമിൽവന്നു സാന്ത്വനം അനുഭവിച്ചു. വർഷങ്ങളായി എന്റെ കൈ തരിക്കുന്ന അസുഖമുണ്ടായിരുന്നു. ഇപ്പോൾ നാല് മാസമായി ഒരു വിരൽ മടങ്ങാതെ ബുദ്ധിമുട്ടായിരുന്നു. ന്യൂറോ സംബന്ധിയായ പരിശോധനകൾ നടത്തിയപ്പോൾ ഡോക്ടർ സർജറി നിർദ്ദേശിച്ചു. മൂന്ന് മാസത്തേയ്ക്ക് മരുന്നു തന്നു. മരുന്ന് കഴിച്ചിട്ടും കുറവില്ലാത്തതിനാൽ ഓപ്പറേഷൻ നിർദ്ദേശിച്ചു.. അതിനുള്ള എല്ലാ ടെസ്റ്റുകളും നടത്തി. ആ ദിവസങ്ങളിൽ ജറുസലെമിൽ വന്ന് പ്രാർത്ഥിക്കാനും പട്ടത്തച്ചനെ കണ്ട് അനുഗ്രഹം വാങ്ങാനും ശക്തമായ പ്രേരണയുണ്ടായി. സർജറിയില്ലാതെ രോഗസൗഖ്യം ലഭിച്ചാൽ അൾത്താരയിലെ സാക്ഷിയായി മാറാം എന്ന് നിയോഗം സമർപ്പിച്ച് പ്രാർത്ഥിച്ചു. വചനകൂടാരത്തിൽ വന്ന് അച്ചനെ കണ്ട് പ്രാർത്ഥിച്ചു. അൾത്താരയിൽ സാക്ഷ്യം പറയണം എന്ന് അച്ചൻ പറഞ്ഞു. ഞാൻ ആ വചനങ്ങൾ വിശ്വസിച്ചു. സൗഖ്യത്തിനായി പ്രാർത്ഥിച്ചു. ഈശോ എനിക്ക് അത്ഭുതസൗഖ്യം നൽകി. ഞാൻ അൾത്താരയിലെ സാക്ഷിയായി മാറി. ദൈവമെ നന്ദി, ദൈവമെ സ്തുതി, ദൈവമെ ആരാധന.

## സൗഖ്യദായകനായ ഈശോ



**ഷീബ ജോയ്**, പന്തല്ലൂക്കാരൻ ഹൗസ്, പി. ഒ. വരാക്കര

എന്റെ മകളുടെ കുഞ്ഞിന് പ്രസവിച്ചിട്ട് 52 ദിവസമായപ്പോൾ മെനിഞ്ചൈറ്റിസ് എന്ന പനി വന്നു. വളരെയധികം ഗുരുതരമായ, തലച്ചോറിനെ ബാധിക്കുന്ന ഈ പനി ഉണ്ണിയ്ക്ക് വന്നത് മൂലം എന്തെങ്കിലും പാർശ്വഫലങ്ങൾ കുഞ്ഞിനുണ്ടാകുമോ എന്ന് ഞങ്ങൾ ഭയപ്പെട്ടു. സൗഖ്യം നൽകി കുഞ്ഞിനെ അനുഗ്രഹിക്കണമേ എന്ന് പ്രാർത്ഥിച്ചു. ദിവ്യവൈദ്യനും ഔഷധവുമായ ഈശോയുടെ അനുഗ്രഹത്താൽ പൂർണ്ണസൗഖ്യം നൽകി ഉണ്ണിയെ അനുഗ്രഹിച്ചു. "യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരേ ആൾ തന്നെയാണ്" (ഹെബ്രായർ 13:8).

## കാത്തുപരിപാലിച്ച ദൈവം



**ജെയ്സമ്മ**, പള്ളൻ ഹൗസ്, മറ്റത്തൂർക്കുന്ന്, കൊടകര

91-ാം സങ്കീർത്തനം 10-ാം തിരുവചനം ഇപ്രകാരമാണ്: "നിനക്ക് ഒരു തിന്മയും ഭവിക്കുകയില്ല. ഒരനർത്ഥവും നിന്റെ കൂടാരത്തെ സമീപിക്കുകയില്ല". എന്റെ ഭർത്താവിന് 2023 മാർച്ച് മൂന്നാം തീയതി മുതൽ 14-ാം തീയതി വരെ പനി മൂലം കൊടകര ശാന്തി ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തു. പനി മാറാതെ അവിടെ നിന്നും ഡിസ്ചാർജ് ആയി 16-ാം തീയതി മുതൽ വീണ്ടും രാജഗിരി ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. 17-ാം തീയതി വചനകൂടാരത്തിൽ വന്ന് ജറുസലെംനാഥനോട് സൗഖ്യത്തിനായി പ്രാർത്ഥിച്ചു. പട്ടത്തച്ചൻ ആശീർവ്വദിച്ച മധുരവും വചനവും നൽകി. പ്രാർത്ഥനയുടെ ഫലമായി 22-ാം തീയതി പനി മാറി. എന്തുകൊണ്ടാണ് പനി വന്നതെന്ന് ഹോസ്പിറ്റലിൽ നടത്തിയ ഒരു പരിശോധനയിലും മനസ്സിലായില്ല. 27-ാം തീയതി ഹോസ്പിറ്റലിൽ നിന്നും ഡിസ്ചാർജ് ചെയ്തു. യേശുവെ നന്ദി.

## അനുഗ്രഹദായകനായ ഈശോ



**ആലീസ് ജേയ്ക്കബ്**, ആളൂക്കാരൻ ഹൗസ്, ചിറ്റിശ്ശേരി

ആപൽസന്ധികളിൽ, വിഷമഘട്ടങ്ങളിൽ തീക്ഷ്ണമായി പ്രാർത്ഥിച്ചാൽ അനുഗ്രഹദായകനായ ഈശോ സൗഖ്യം തരാതിരിക്കുകയില്ല. എന്റെ ഭർത്താവിന്റെ കഴുത്തിൽ ഒരു മുഴ ഉണ്ടായിരുന്നു. വെള്ളിയാഴ്ചകളിൽ ഞാൻ ജറുസലെം വചനകൂടാരത്തിൽ വന്ന് വിശുദ്ധ കുർബ്ബാനയിലും ആരാധനയിലും പങ്കെടുത്ത് പ്രാർത്ഥിച്ചിരുന്നു. അതിന്റെ ഫലമായി ഓപ്പറേഷനിലൂടെ പൂർണ്ണസൗഖ്യം നൽകി ഈശോ അനുഗ്രഹിച്ചു. ഈശോയെ നന്ദി.

## സമീപസ്ഥനായ കർത്താവ്

**മിനി വർഗ്ഗീസ്**, മഞ്ഞളി ഹൗസ്, രണ്ടാം കല്ല്, ചെങ്ങാലൂർ

"ഹൃദയം നുറുങ്ങിയവർക്ക് കർത്താവ് സമീപസ്ഥനാണ്. മനമുരുകിയവരെ അവിടുന്ന് രക്ഷിക്കുന്നു" (സങ്കീർത്തനങ്ങൾ 34:18).



എന്റെ മകന്റെ വിവാഹം ഒരു വർഷമായി പലവിധ തടസ്സങ്ങൾ കാരണം നടക്കാതെ വന്നു. മകൻ ദുബായിൽ ഷെഫ് ആയി ജോലി ചെയ്യുകയാണ്. പല വിവാഹാലോചനകളും ഒഴിഞ്ഞുപോയപ്പോൾ വലിയ വേദനയോടെയാണ് ജറുസലെം വചനകൂടാരത്തിൽ വന്ന് ഈശോയോട് കരഞ്ഞു പ്രാർത്ഥിച്ചത്. സങ്കടം സഹിക്കാനാവാതെ പട്ടത്തച്ചനെ കണ്ട് പറഞ്ഞപ്പോൾ ഒമ്പത് വെള്ളിയാഴ്ച നിയോഗം വച്ച് പ്രാർത്ഥിക്കാൻ പറഞ്ഞു. ഒമ്പത് വെള്ളിയാഴ്ച കഴിഞ്ഞിട്ടും വിവാഹം ഉറപ്പിക്കാനാവാതെ വന്നപ്പോൾ മകൻ സങ്കടപ്പെട്ടു. പിന്നെ നാല് ദിവസത്തെ ലീവിന് അവൻ ലൈസൻസ് എടുക്കാൻ വന്നപ്പോൾ ജറുസലെം നാഥന്റെ അനുഗ്രഹം കൊണ്ട് പെട്ടെന്ന് ചാവറ മാട്രിമോണി വഴി വിവാഹം ഉറപ്പിക്കാൻ സാധിച്ചു. രണ്ടര മാസം കഴിഞ്ഞ് 2023 ഏപ്രിൽ 26-ാം തിയ്യതി വിവാഹം നടന്നു.

## തള്ളിക്കളയാത്ത ദൈവം



**അമലു കാർത്തി സി.**, വൊകയിൽ ഹൗസ്, കണ്ടാണശ്ശേരി പി. ഒ., ഗുരുവായൂർ

"എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരിക്കലും തള്ളിക്കളയുകയില്ല" (യോഹ 6:37). എന്റെ ജീവിതത്തിൽ ഈ ദൈവവചനം സത്യമായിതീർന്നു. ഞാൻ മൂന്നു വർഷമായി ബി. എഡ്. അഡ്മിഷനുവേണ്ടി പരിശ്രമിക്കുന്നു. രണ്ട് പ്രാവശ്യവും കിട്ടിയില്ല. 2022 അക്കാദമിക് ഇയറിൽ അഡ്മിഷനുവേണ്ടി വീണ്ടും പരിശ്രമിച്ചു. മാനേജ്മെന്റ് ക്വാട്ടയിൽ ആണ് ഞാൻ കൊടുത്തത്. ഏഴ് സീറ്റാണുള്ളത്. അതിന്റെ ഫസ്റ്റ് ഇന്റർവ്യൂവിന് വിളിച്ചപ്പോൾ സാധ്യത കുറവാണെന്ന് പറഞ്ഞു. വളരെ വിഷമത്തോടെ ഞാൻ തിരിച്ചുപോന്നെങ്കിലും എനിക്ക് സീറ്റ് കിട്ടുമെന്ന് ഞാൻ വിശ്വസിച്ചു. അഡ്മിഷൻ കിട്ടുകയാണെങ്കിൽ ഒരാഴ്ചയ്ക്കുള്ളിൽ വിളിക്കുമെന്ന് അറിഞ്ഞു. പക്ഷേ ഒരു ഫോൺ കോളും വന്നില്ല. വളരെയധികം സങ്കടത്തോടെയാണ് ഞാൻ ജറുസലെമിൽ വന്ന് അച്ചനെ കണ്ടത്. അച്ചൻ പറഞ്ഞു: ടെൻഷൻ ഒന്നും വേണ്ട. അഡ്മിഷൻ കിട്ടും. ഞാൻ അതു വിശ്വസിക്കുകയും കരുണക്കൊന്ത ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. കർത്താവിന്റെ കൃപ മൂലം അഡ്മിഷൻ ലഭിച്ചു. ഇതിനൊപ്പം തന്നെ ഗവൺമെന്റ് ക്വാട്ടയിൽ ഡി. എഡ്ഡിനും അഡ്മിഷൻ ലഭിച്ചു. ഞാൻ ബി. എഡ്ഡിനാണ് പോയത്. ദൈവം തന്ന അനുഗ്രഹത്തിനായി നന്ദിയേകുന്നു.

## വിജയം നൽകുന്ന കർത്താവ്



**അനു തങ്കച്ചൻ**, പാലാട്ടി ഹൗസ്, ഏഴാറ്റുമുഖം പി. ഒ., പാലിശ്ശേരി

ജറുസലെം നാഥനോടു പ്രാർത്ഥിച്ചതിന്റെ ഫലമായി ആദ്യത്തെ തവണ തന്നെ ഒ.ഇ.ടി. എക്സാം പാസ്സായതിനെപ്രതി ഞാൻ ഈശോയോട് നന്ദി പറയുന്നു. പാസ്സായാൽ ഇവിടെവന്ന് സാക്ഷ്യം പറയാമെന്നും ഞാൻ നേർന്നിരുന്നു. പരീക്ഷയ്ക്ക് മുമ്പേ വചനകൂടാരത്തിൽ വരുകയും പട്ടത്തച്ചനെ കണ്ട് പ്രാർത്ഥിക്കുകയും അച്ചന്റെ ആശീർവ്വാദം സ്വീകരിക്കുകയും ചെയ്തു. എന്റെ അമ്മ 9 വെള്ളിയാഴ്ച വചനകൂടാരത്തിൽ വന്ന് പ്രാർത്ഥിക്കുകയും പരീക്ഷാദിവസം മുഴുവൻ കർത്താവിന്റെ മുൻപിൽ വന്നിരുന്ന് പ്രാർത്ഥിക്കുകയും ചെയ്തു. എല്ലാറ്റിന്റെയും ഫലമായി ജറുസലെം നാഥൻ വലിയ വിജയം നൽകി എന്നെ അനുഗ്രഹിച്ചു.

# ഓപ്പറേഷൻ ഹോപ്പ് സക്സസ്



സിനി ജോൺസൻ






ലോകജനതയ്ക്കു മുന്നിൽ ഉത്കണ്ഠയുടെയും അമ്പരപ്പിന്റെയും നിമിഷങ്ങൾ സമ്മാനിച്ചുകൊണ്ട് ജൂൺ 9-ന് കൊളംബിയൻ പ്രസിഡന്റ് ഗുസ്താവോ പെട്രോ മാധ്യമങ്ങളോട് പറഞ്ഞു: ''നമ്മൾ വിജയിച്ചിരിക്കുന്നു. തെക്കേ അമേരിക്കയിലെ കൊളംബിയയിലുള്ള ആമസോൺ മഴക്കാടുകളിൽ തകർന്ന ചെറുവിമാനത്തിൽനിന്നു കാണാതായ നാല് കുട്ടികളെ 40 ദിവസത്തിനുശേഷം നമ്മൾ കണ്ടെത്തിയിരിക്കുന്നു''. മനുഷ്യജീവന്റെ വിലയും, ഭരണകൂടത്തിനും സമൂഹത്തിനും അതിനോടുള്ള ഉത്തരവാദിത്വത്തിന്റെയും ആമസോൺ കാഴ്ചകൾ ടി. വി. യിലും പത്രമാധ്യമങ്ങളിലും കണ്ട ലോകജനത സന്തോഷത്തിലും ആനന്ദ നിർവൃതിയിലുമായി തീർന്നു. പുലിയും പാമ്പും വിഹരിക്കുന്ന കൊടുംവനത്തിൽ കുടിവെള്ളവും ഭക്ഷണവുമില്ലാതെ പതിനൊന്ന് മാസം മാത്രം പ്രായമുള്ള കുഞ്ഞും മറ്റ് മൂന്നു പേരും 40 ദിവസങ്ങൾ എങ്ങനെ കഴിഞ്ഞുവെന്നത് ഇനിയും വെളിപ്പെടാനിരിക്കുന്നതേയുള്ളൂ. പക്ഷേ ഒന്ന് സത്യമാണ്. ഇവർക്ക് തുണയായത് ദൈവാനുഗ്രഹം മാത്രമാണ്. പ്രത്യാശയുടെ ദൈവികശക്തി ഇവരെ മുമ്പോട്ട് നയിച്ചില്ലായിരുന്നെങ്കിൽ സ്വന്തം അമ്മയുടെയും മറ്റുള്ളവരുടെയും മൃതദേഹങ്ങൾ കാണുമ്പോൾ ഇവർ തളർന്ന് പോയേനെ.

ദിവസവും 16 മണിക്കൂർ മഴ പെയ്യുന്ന സസ്യജാലങ്ങളുടെ നിബിഡതയും വൈവിധ്യവും ഉള്ള ഭൂമിയുടെ ശ്വാസകോശങ്ങളായ ആമസോൺ വനങ്ങളിൽനിന്ന് കുട്ടികളെ രക്ഷപ്പെടുത്താൻ ഭരണകൂടം സ്വീകരിച്ച സത്വരനടപടികൾ ലോകശ്രദ്ധയാകർഷിക്കുന്നതാണ്. ജനനം മുതൽ കാടു പരിചിതമായ ഹുയിറ്റാട്ടോ എന്ന ആദിവാസി വിഭാഗത്തിൽ പെടുന്ന കുട്ടികൾക്ക് കാടുമായി നല്ല പരിചയം ഉണ്ടെങ്കിലും പുലി വിഭാഗത്തിൽപെടുന്ന ജഗ്വാറുകളും ഹിംസ്രമൃഗമായ പൂമകളും വിഷപ്പാമ്പുകളും ധാരാളമുള്ള ഈ കാട്ടിൽ കുട്ടികളെ സംരക്ഷിച്ചത് സർവ്വശക്തനായ ദൈവമായിരിക്കും എന്നത് തീർച്ചയാണ്.

നാല് മനുഷ്യജീവനുകൾക്കുവേണ്ടി കൊളംബിയൻ സർക്കാർ നടപ്പിലാക്കിയ ഓപ്പറേഷൻ ഹോപ്പ് ലോകമന:സാക്ഷിയ്ക്കുതന്നെ പ്രത്യാശ പകരുന്ന ചരിത്രസംഭവമായിരുന്നു. പ്രത്യാശ നമുക്ക് നൽകുന്നത് നമ്മിലുള്ള ദൈവീകതയാണ്. അത്യാധുനിക യന്ത്രസംവിധാനങ്ങളും അനേകം സൈനികരും തദ്ദേശീയരും നായ്ക്കളും ഡ്രോണുകളും ഈ ദൗത്യത്തിൽ പങ്കാളിയായി. 40 ദിനരാത്രങ്ങൾ അവരും പ്രത്യാശയോടെ ശുഭദിനത്തിനായി കാത്തിരുന്നു.

ശാസ്ത്രജ്ഞൻമാരും ലോകനേതാക്കളും അവരുടെ അതിജീവനത്തിന്റെ യാഥാർത്ഥ്യം മനസ്സിലാക്കാൻ പോകുന്നതേയുള്ളൂ. ഇസ്രായേൽ ജനതയെ വാഗ്ദാന നാട്ടിലേക്ക് നയിച്ച ദൈവത്തിന്റെ വിസ്മയനീയ പ്രവൃത്തികൾ വിശുദ്ധ ഗ്രന്ഥത്തിൽ വായിച്ചറിഞ്ഞവർക്ക് ഈ അതിജീവനം ദൈവത്തിന്റെ പ്രത്യേക പരിപാലനയാണെന്ന് വേഗം ഗ്രഹിക്കാൻ സാധിക്കും. വന്യമൃഗങ്ങൾ പോലും അകന്നുപോയത് ദൈവാനുഗ്രഹമാണ്. മനുഷ്യജീവന് ഇത്രയേറെ വിലയുണ്ടെന്ന് നാം തിരിച്ചറിയുന്ന അപൂർവ്വ നിമിഷങ്ങളാണിത്. ഇതേ മനുഷ്യജീവൻ തന്നെയാണ് യാതൊരു വിലയുമില്ലാതെ മണിപ്പൂരിലും യുക്രെയ്നിലും എരിഞ്ഞുതീരുന്നത്. മനുഷ്യ മന:സാക്ഷി മരവിക്കുന്ന ക്രൂരതകളാണ് മണിപ്പൂരിൽ നടക്കുന്നത്. ക്രൈസ്തവ സ്ഥാപനങ്ങളും കുക്കി വിഭാഗത്തിൽപെട്ട ആദിവാസി ക്രൈസ്തവരും സമാനതകളില്ലാത്ത ക്രൂരതയ്ക്ക് വിധേയമാകുമ്പോൾ ആ നാട്ടിൽ സമാധാനം ഉണ്ടാകുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം.

മണിപ്പൂരിൽ സേവനം ചെയ്യുന്ന പുരോഹിതരും, സന്യസ്തരും അഭയാർത്ഥിക്യാമ്പുകളിലും കാടുകളിലും ഭീതിയോടെ അഭയം തേടുമ്പോൾ, പീഡനമേൽക്കുമ്പോൾ, ക്ഷതമേൽക്കുമ്പോൾ ക്രൂശിതനോട് പ്രാർത്ഥിക്കാം. ദൈവമേ, സമാധാനം പുന:സ്ഥാപിക്കണമേ. നാലു ജീവനുകൾക്കായി, ഉറക്കമൊഴിച്ച്, സർവ്വസന്നാഹങ്ങളുമായി അണിനിരന്ന ആമസോൺ കാടുകളിലെ സൈനികർക്ക് അഭിവാദ്യമർപ്പിക്കുന്നതോടൊപ്പം, മനുഷ്യജീവനുകൾ ഈയാംപാറ്റകളെപോലെ വീണുമരിച്ചുവീഴുന്ന മണിപ്പൂർ ജനതയ്ക്കായി ദൈവസന്നിധിയിൽ കൈകോർക്കാം.

## അവിടുന്ന് നല്ലവനാണ്



**വത്സ ജോൺസൺ**, മാളിയേക്കൽ ഹൗസ്, പി. ഒ. വെള്ളാരംപാടം, മുപ്ലിയം

സങ്കീർത്തനങ്ങൾ 106:1 ഇപ്രകാരമാണ്: ''അവിടുന്ന് നല്ലവനാണ്. അവിടത്തെ കാരുണ്യം എന്നേക്കും നിലനിൽക്കുന്നു''. എനിക്ക് ചോർന്നൊലിക്കുന്ന ഒരു ഓലപ്പുരയായിരുന്നു ഉണ്ടായിരുന്നത്. 15 വർഷത്തോളം ഞാൻ ഈശോയോട് പ്രാർത്ഥിച്ചതിന്റെ ഫലമായി ഒരു നല്ല ഭവനം നൽകി ജറുസലെംനാഥൻ അനുഗ്രഹിച്ചു. ഞാൻ ഇവിടെ പ്രേഷിതയാണ്. ഈശോയ്ക്കും മാതാവിനും ഒരായിരമായിരം നന്ദിയും സ്തുതിയും ആരാധനയുമേകുന്നു. ദൈവനാമ മഹത്വത്തിനായി നാം ചെയ്യുന്ന സമർപ്പണത്തിനും സമയത്തിനും സമ്പത്തിനും ദൈവസന്നിധിയിൽ വിലയുണ്ട്. നമ്മുടെ ആവശ്യങ്ങളിൽ നല്ലവനായ ദൈവം കരുണയോടെ പ്രവർത്തിക്കും. അനുഗ്രഹമാരി വർഷിക്കും.

## സമൃദ്ധമായി ജലം ലഭിച്ചു



**പി. എൽ. ജോയ്,** പെരുമാടൻ ഹൗസ്, തൊയക്കാവ്

സ്വന്തമായി ഒരു കിണർ ഇല്ലാതെ, കുടിവെള്ളത്തിനായി ബുദ്ധിമുട്ടുന്ന സമയത്ത് പലവിധ കാരണങ്ങളാലും കിണർ കുഴിക്കുന്നതിനായി തടസ്സം ഉണ്ടായപ്പോൾ വചനകൂടാരത്തിൽ വന്ന് ഈശോയോട് കിണർ കുഴിക്കുന്നതിനുള്ള തടസ്സം മാറുവാനും കിണറ്റിൽ ധാരാളം ജലം ഉണ്ടാകുന്നതിനുമായി ഈശോയോടും അമ്മ മാതാവിനോടും പ്രാർത്ഥിച്ചപേക്ഷിച്ചു. പട്ടത്തച്ചനോട് ഈ പ്രത്യേക നിയോഗത്തിന്മേൽ പ്രാർത്ഥനാസഹായം യാചിച്ചു. അത്ഭുതകരമായി കിണർ കുഴിക്കാനും അതിൽ സമൃദ്ധമായി ജലമുണ്ടാകുവാനും ആകാശത്തിനും കടലിനും മേൽ അധികാരമുള്ള ഈശോ അനുഗ്രഹം നൽകി.

## കരുണയുള്ള കർത്താവ്



**ലിസ്സി സെബാസ്റ്റ്യൻ**, മാളിയേക്കൽ ഹൗസ്, മരത്താക്കര

''കർത്താവേ, ഞങ്ങളോടു കരുണയുണ്ടാകണമേ. ഞങ്ങൾ അങ്ങേയ്ക്കുവേണ്ടി കാത്തിരിക്കുന്നു. ഓരോ പ്രഭാതത്തിലും ഞങ്ങളുടെ കരവും കഷ്ടതയുടെ കാലത്ത് ഞങ്ങളുടെ രക്ഷയും ആയിരിക്കണമേ'' (ഏശയ്യ 33:2). കഷ്ടതയുടെ കാലത്ത് വിളിച്ചപേക്ഷിച്ചപ്പോൾ അവിടുന്ന് ഞങ്ങൾക്ക് ഉത്തരമരുളി. മനമുരുകിയപ്പോൾ സാന്ത്വനപ്പെടുത്തി. ഞാൻ എന്നും നിങ്ങളോട് കൂടെയുണ്ടെന്ന് അവിടുന്ന് പറഞ്ഞു. എന്റെ മകൻ ഡ്രൈവിങ്ങ് പഠിച്ച് ടെസ്റ്റിന് പോയപ്പോൾ ടൂവീലർ ജയിച്ചെങ്കിലും ഫോർവീലർ പരാജയപ്പെട്ടു. മൂന്ന് പ്രാവശ്യവും പരാജയപ്പെട്ടപ്പോൾ അതിയായ സങ്കടം തോന്നി. മകന് വലിയ സങ്കടമായി. ഞാൻ ജറുസലെം വചനകൂടാരത്തിൽ വന്ന് വെള്ളിയാഴ്ചകളിൽ പ്രാർത്ഥിച്ചിരുന്നു. ടെസ്റ്റ് പാസ്സായാൽ സാക്ഷ്യം പറയാമെന്ന് നേർന്നു. വീണ്ടും നടന്ന ടെസ്റ്റിൽ മകൻ പാസ്സായി. യേശുവേ നന്ദി, യേശുവേ സ്തോത്രം, മാതാവേ നന്ദി.

## തടസ്സങ്ങൾ മാറി വിസ ലഭിച്ചു



**ആൻ സ്റ്റെഫി ഫിലിപ്പ്**, ഐനിക്കൽ പടിക്കൽ ഹൗസ്, അരിമ്പൂർ, കാഞ്ഞാണി

പരിശുദ്ധ അമ്മയോടും ഈശോയോടും പ്രാർത്ഥിച്ചപ്പോൾ ഒരിക്കലും നടക്കില്ലെന്ന് കരുതിയ കാര്യങ്ങൾ വളരെ വേഗത്തിൽ നടന്നു. ഞാൻ നാല് മാസങ്ങൾക്ക് മുമ്പ് ഐ. ഇ. എൽ. ടി. എസ്. കോച്ചിങ്ങ് ചെയ്യുന്ന സമയത്ത് പട്ടത്തച്ചനെ കണ്ട് പ്രാർത്ഥിച്ചിരുന്നു. അച്ചൻ പറഞ്ഞതനുസരിച്ച് മൂന്ന് വെള്ളിയാഴ്ചകളിൽ വചനകൂടാരത്തിൽ വന്ന് ഏകദിന കൺവെൻഷൻ കൂടി പ്രാർത്ഥിച്ചു. അതിന്റെ ഫലമായി ഞാൻ പ്രതീക്ഷിച്ചതിലും കൂടുതൽ സ്കോർ നല്കി ഈശോ എന്നെ അനുഗ്രഹിച്ചു. എൻ. എം. സി. രജിസ്ട്രേഷനിൽ കുറെ തടസ്സങ്ങളായിരുന്നു. റിജക്ഷൻ വരാൻ ചാൻസ് ഉണ്ട് എന്നാണ് പറഞ്ഞത്. കുറെ തടസ്സങ്ങൾ ഇടയ്ക്ക് ഇടയ്ക്ക് വന്നുകൊണ്ടിരുന്നു. പക്ഷേ മാതാവ് അതൊക്കെ എടുത്തുമാറ്റി. എനിക്ക് വിസ ലഭിച്ചു. യേശുവേ നന്ദി, യേശുവേ സ്തുതി.

## പ്രാർത്ഥന കേട്ട ദൈവം



**ജിജി ജോസ്,** കാരുനാട്ടിൽ ഹൗസ്, അഞ്ചുമൂർത്തിമംഗലം, വടക്കുഞ്ചേരി, പാലക്കാട്

1 പത്രോസ് 3:12 ഇപ്രകാരമാണ്: ''കർത്താവിന്റെ കണ്ണുകൾ നീതിമാന്മാരുടെ നേരേയും അവിടുത്തെ ചെവികൾ അവരുടെ പ്രാർത്ഥനകളുടെ നേരേയും തുറന്നിരിക്കുന്നു''. ഏഴ് വർഷമായി എനിക്ക് ജോലി ഇല്ലായിരുന്നു. വളരെ സാമ്പത്തിക ബുദ്ധിമുട്ടും കടബാധ്യതയും നേരിടേണ്ടിവന്നു. എല്ലാ മാസങ്ങളിലെയും ആദ്യ വെള്ളിയാഴ്ചകളിലെ ഏകദിനധ്യാനത്തിൽ ഞാൻ പങ്കെടുത്ത് പ്രാർത്ഥിച്ചിരുന്നു. ഞാൻ എല്ലാ മാസാദ്യവെള്ളിയാഴ്ചകളിലും ഇവിടെ വന്ന് പ്രാർത്ഥിച്ചു. അതിന്റെ ഫലമായി എനിക്ക് യു. കെ. യിൽ നേഴ്സ് ആയി ഒരു ജോലി ശരിയാവുകയും ഐ. ഇ. എൽ. ടി. എസ്. എക്സാമിൽ ആദ്യപ്രാവശ്യം തന്നെ ആവശ്യമുള്ള സ്കോർ ലഭിക്കുകയും ചെയ്തു. ഏപ്രിൽ 27ന് എന്റെ പാസ്പോർട്ട് വിസയ്യ്ക്കായി സബ്മിറ്റ് ചെയ്തു. ഇത്ര നന്മകൾ തന്ന് എന്നെയും എന്റെ കുടുംബത്തെയും അനുഗ്രഹിച്ച ജറുസലെംനാഥന് നന്ദി പറയുന്നു.

## ജറുസലെം ശുശ്രൂഷകൾ ജൂലൈ 2023

| | | |
|---|---|---|
| 1 | രോഗശാന്തി ശുശ്രൂഷ, ഗർഭിണികളുടെ പ്രാർത്ഥന, അമ്മയും കുഞ്ഞും ശുശ്രൂഷ | (09.00 am - 1.00 pm) |
| 6 - 9 | പരിശുദ്ധാത്മാഭിഷേക ധ്യാനം (മലയാളം) | (08.30 am) |
| 10 | കേരള കത്തോലിക്ക കരിസ്മാറ്റിക് സ്വീകരണം 1000 ദിന ഒരുക്ക സമാരംഭം | |
| 13 - 16 | ആത്മാഭിഷേക ധ്യാനം (തമിഴ്) | (08.30 am) |
| 16 | കുഞ്ഞുങ്ങളില്ലാത്ത ദമ്പതികളുടെ പ്രാർത്ഥന | (09.30 am - 1.00 pm) |
| | തൊഴിലാളികളുടെ പ്രാർത്ഥന (വ്യാഴാഴ്ചകളിൽ) | (06.30 pm - 08.00 pm) |
| | To be with Jesus യുവജനങ്ങളുടെ പ്രാർത്ഥന (ശനിയാഴ്ചകളിൽ) | (06.30 pm - 09.30 pm) |
| | ജപമാല പ്രദക്ഷിണം (ഞായറാഴ്ചകളിൽ) | (06.30 pm - 09.30 pm) |
| | കുമ്പസാരവും സ്പിരിച്വൽ കൗൺസിലിങ്ങും (എല്ലാ ദിവസവും) | (09.00 am - 12.00 pm) |
| | ദിവ്യകാരുണ്യ സൗഖ്യാരാധന (എല്ലാ ദിവസവും) | (06.30 pm - 08.30 pm) |
| | Retrreat Booking No: | 70 25 15 25 30 |
| | Jerusalem Retreat Centre You Tube Channelൽ https://www.youtube.com/c/JerusalemRetreatCentre | |

## PRAYER LINE



Access code 3321285#

Call in 8929 700 137

എല്ലാ ദിവസവും രാത്രി 9.30 ന് ബഹു. ഡേവീസ് പട്ടത്തച്ചൻ നേതൃത്വം നൽകുന്നു

**എല്ലാ വെള്ളിയാഴ്ചയും**
പൊതു പ്രാർത്ഥനാ ദിനമായിരിക്കും
(8.30 a.m. - 3.30 p.m.)

## ജറുസലെം ശുശ്രൂഷകളെ സഹായിക്കാൻ ആഗ്രഹിക്കുന്നവർ



**JERUSALEM RETREAT CENTRE**
A/c. No. 0309 0381 9770 195 001
CSB Bank LTD, Thalore Branch
IFSC : CSBK 0000309
Swift code: CSYBIN 55
UPI id: jerusalemre.20077@csbpay

അക്കൗണ്ടിലൂടെ പണം അയക്കുന്നവർ ഈ നമ്പറിലേക്ക് [+91 8304 069 046 ] അഡ്രസ്സ് വാട്സ്ആപ്പ് ചെയ്യണേ